**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 555** 05.06.2018 ൽ മറുപടിക്ക്.

**ജി.എസ്.ടി.യും വിലക്കയറ്റവും**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ ചരക്കുകൾക്ക് വിലക്കുറവുണ്ടാകുമെന്ന പ്രഖ്യാപനം പാഴാവുകയും സംസ്ഥാനത്തെ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വിലയിൽ വമ്പിച്ച വർദ്ധനവ് ഉണ്ടാകുകയും ചെയ്തതിനാലും ഈ നികുതി സംവിധാനം നടപ്പിൽ വന്നശേഷം ഒരു വർഷമാകുന്ന സാഹചര്യത്തിലും സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പാക്കിയ സാഹചര്യത്തിൽ നികുതി കുറവിന്റെ ആനുകൂല്യം കൈമാറിയോ എന്നത് സംബന്ധിച്ച് രണ്ടു ഘട്ടമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് സർവേ നടത്തുകയും ജി.എസ്.ടിയുടെ ആനുകൂല്യം കൈമാറാത്ത വ്യാപാരികളുടെ വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുമുണ്ട്. |
| (ബി) | നികുതി പൂർണ്ണമായും ഒഴിവാക്കിയ കോഴിക്ക് കിലോക്ക് 87 രൂപ നൽകണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ക്രമാതീതമായി വില | (ബി) | കോഴി ഇറച്ചിയുടെ ആഭ്യന്തര ഉൽപ്പാദനവും വില നിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെ.എസ്.പി.ഡി.സി (കെപ്കൊ), |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | | കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചി കോഴി വളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി തിരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ഒരു ദിവസം പ്രായമായ 1000 ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ 40/- രൂപ നിരക്കിൽ നൽകി, വളർച്ചയെത്തുന്ന കോഴികളെ കെ.എസ്.പി.ഡി.സി മുഖേന തിരിച്ചെടുത്ത് വിപണനം നടത്തുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രതിവർഷം 1000 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന 1000 യൂണിറ്റുകൾ വീതം 5000 യൂണിറ്റുകൾ കേരളം ഒട്ടാകെ നടപ്പിലാക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിലൂടെ കോഴി ഇറച്ചി ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന നിർദ്ദേശം വ്യാപാരികൾ അനുസരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം | (സി) | ജി.എസ്.ടി യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും |

| | | | |
|---|---|---|---|
| | വ്യാപാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | | ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് ചരക്ക് സേവന നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തിലുടനീളം സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി ക്കു മുമ്പും ശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്. ബില്ലുകളുൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.<br>23-ാമത് ജി.എസ്.ടി കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതി നിരക്കിൽ 15.11.2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റി |

| | | | |
|---|---|---|---|
| | | | പ്രോഫിറ്റീയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആന്റി പ്രോഫിറ്ററി പരിശോധിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റികളും ഇതിനകം ഏതെങ്കിലും വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ആന്റി പ്രോഫിറ്റിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | കേരളത്തിലെ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്.<br>ഇതു കൂടാതെ, സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി 08.05.2018 ലെ മീറ്റിംഗിലെ തീരുമാന പ്രകാരം ജി.എസ്.ടി യുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ താഴെപറയുന്ന എണ്ണം വ്യാപാരികളുടെ വിവരങ്ങളും തെളിവുകളും കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.<br>പ്രീ ജി.എസ്.ടി - പോസ്റ്റ് ജി.എസ്.ടി<br>നിർമ്മാതാക്കൾ - 89 എണ്ണം<br>മൊത്ത വ്യാപാരികൾ - 8 എണ്ണം<br>ചില്ലറ വ്യാപാരികൾ - 51 എണ്ണം<br>പ്രീ റിവിഷൻ - പോസ്റ്റ് റിവിഷൻ<br>നിർമ്മാതാക്കൾ - 34 എണ്ണം<br>മൊത്ത വ്യാപാരികൾ - 11 എണ്ണം<br>ചില്ലറ വ്യാപാരികൾ - 23 എണ്ണം |
| ഇ) | അമിതവില ഈടാക്കിയ ഏതെങ്കിലും വ്യാപാര സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയോ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ഇക്കാര്യത്തിൽ കേന്ദ്ര അതോറിറ്റിയുടെ അന്തിമ തീരുമാനം വന്നിട്ടില്ല |

സെക്ഷൻ ഓഫീസർ